"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൊല്ലം @ 75 — കൊല്ലം ജില്ല രൂപീകൃതമായതിന്റെ 75-ാം വാർഷികാഘോഷങ്ങൾ - ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന വ്യാപാര പ്രദർശന വിപണന മേളയുടെ താൽക്കാലിക പവലിയൻ നിർമ്മാണം/ സജ്ജീകരണം- ഗ്ലോബൽ ഇന്നൊവേറ്റീവ് ടെക്നോളജീസ് (git Zest) എന്ന സ്ഥാപനത്തിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.22/2025/I&PRD തിരുവനന്തപുരം, തീയതി 28-02-2025

---

പരാമർശം:-

1. സ.ഉ.(കൈ) നം 1/2025/ഐ&പിആർഡി തീയതി 10.02.2025
2. 11.02.2025 ൽ പുറപ്പെടുവിച്ച ഇ-ടെണ്ടർ നോട്ടീസ്
3. 21.02.2025 ലെ സി2/4/2025/ഐ&പിആർ നമ്പർ നടപടിത്തീർപ്പ്
4. ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനും ധനകാര്യ വിലയിരുത്തലിനുമായി (Financial Evaluation) 24/02/2025 ൽ ചേർന്ന കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

കൊല്ലം @ 75 — കൊല്ലം ജില്ല രൂപീകൃതമായതിന്റെ 75-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി കൊല്ലം ആശ്രാമം മൈതാനത്ത് ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ എല്ലാ സർക്കാർ വകുപ്പുകളെയും പൊതുമേഖല സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി 2025 മാർച്ച് 3 **മുതൽ** 10 **വരെ** വ്യാപാര പ്രദർശന വിപണന മേള സംഘടിപ്പിക്കുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതിയും നിർദ്ദേശങ്ങളും നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വ്യാപാര പ്രദർശന വിപണന മേളയുടെ താൽക്കാലിക പവലിയൻ നിർമ്മാണം/ സജ്ജീകരണം (ഹാങ്ങർ, **സ്റ്റാളുകൾ**, അടിസ്ഥാന സൗകര്യങ്ങൾ മുതലായ) എന്നിവയ്ക്ക് പരാമർശം (2) പ്രകാരം ടെണ്ടർ ക്ഷണിക്കുകയും വിവിധ സ്ഥാപനങ്ങൾ ചുവടെ പറയും പ്രകാരമുള്ള നിരക്കുകൾ രേഖപ്പെടുത്തിയിട്ടുമുണ്ട്.

| BOQ Summary Details<br>Tender Title: BASIC AND INFRASTRUCTURE FACILITIES FOR EXHIBITION<br>Tender ID: 2025_IPRD_736849_1 | | | | | |
|---|---|---|---|---|---|
| | | | | | |
| Sheet Name | Sl.No | Bidder Name | Amount | Bid Rank | |
| BoQ1 | 1 | Razzmatazz Ventures Private Limited (BID | 33053.750 | L1 | |

| | | | | | |
|---|---|---|---|---|---|
| | | ID -2109995) | | | |
| | 2 | Global Innovative Technologies (BID ID -2111826) | 168985.500 | L2 | |
| | 3 | AZIZ SOUNDS (BID ID -2114952) | 213540.500 | L3 | |
| | 4 | UMRAZ ENTERPRISES (BID ID -2112901) | 324363.000 | L4 | |
| | 5 | BRANDSTORM (BID ID -2115027) | 449316.440 | L5 | |

2) ആകാച്ചൽ സ്കോപ്പ് ഓഫ് വർക്കുമായി താരതമ്യം ചെയ്യപ്പോൾ മേൽ പട്ടിക പ്രകാരം L1 ആയ RAZZMATAZZ Ventures Private Limited എന്ന സ്ഥാപനം ക്വാട്ട് ചെയ്ത തുക L2 ആയ ഗ്ലോബൽ ഇന്നൊവേറ്റീവ് ടെക്നോളജീസ് (git Zest), എന്ന സ്ഥാപനത്തെക്കാൾ കൂടുതൽ ആയതിനാൽ പരാമർശം (3) (4) പ്രകാരമുള്ള കമ്മിറ്റിയുടെ യോഗനടപടിക്കുറിപ്പ് പ്രകാരം ഗ്ലോബൽ ഇന്നൊവേറ്റീവ് ടെക്നോളജീസിനെ (git Zest), ചുവടെ ചേർത്ത പട്ടിക പ്രകാരമുള്ള നിരക്കിൽ പ്രസ്തുത പ്രവൃത്തിക്കായി തിരഞ്ഞെടുക്കുകയും വർക്ക് ഓർഡർ നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു.

| NO | Description of Work / Item(s) | No of Quantity | Units | Global Innovative Technologies<br>Estimated rate including GST (in Rs.) |
|---|---|---|---|---|
| **1** | **Basic Infrastructure** | | | |
| 1.01 | German AC Hanger Panthal with general lighting & white cloth ceiling | 1 | per sq.ft. rate for 8 days | 28.5 |
| 1.02 | Synthetic Carpet ( sufficient) | 1 | per sq.ft. rate for 8 days | 3 |
| 1.03 | Wooden floor Platform | 1 | per sq.ft. rate for 8 days | 12 |
| 1.04 | GI Sheet fencing (in necessary positions) | 1 | per sq.ft. rate for 8 days | 8 |
| 1.05 | Exhibitions stall : Each stall size of 3 metre X 2 Metre with octonorm panel with 2 tubelights and one plug point) | 1 | per sq.ft. rate for 8 days | 20 |
| 1.06 | Instant Pagoda | 1 | per sq.ft. rate for 8 days | 15 |
| 1.07 | Ply paneling (for VIP sitting) | 1 | per sq.ft. rate for 8 days | 10 |
| 1.08 | Iron mesh barricade - 1 feet | 1 | per sq.ft. rate for 8 days | 14 |

| | | | | |
|---|---|---|---|---|
| **2** | **Furnishing Items** | | | |
| 2.01 | Table | 1 | unit rate for 8 days | 160 |
| 2.02 | Chair | 1 | unit rate for 8 days | 24 |
| 2.03 | Cooler | 1 | unit rate for 8 days | 3000 |
| 2.04 | Portable toilet (minimum 10 Nos) with water facility | 1 | unit rate for 8 days | 10000 |
| 2.05 | Drinking water - per can (20 ltrs) | 1 | unit rate for 8 days | 60 |
| 2.06 | Metal Halide light | 1 | unit rate for 8 days | 800 |
| 2.07 | CFL | 1 | unit rate for 8 days | 400 |
| 2.08 | Round table | 1 | unit rate for 8 days | 400 |
| 2.09 | T-Poy | 1 | unit rate for 8 days | 500 |
| 2.1 | Double seat sofa | 1 | unit rate for 8 days | 800 |
| **3** | **Other support items** | | | |
| 3.01 | Electricity - Generator support (primary & backup) with sufficient power for smooth conduct of the event | 1 | per day rate | 138000 |
| 3.02 | Public address system (required ) | 1 | per day rate | 3000 |
| 3.03 | Waste Management system | 1 | per day rate | 7000 |
| **4** | **Manpower** | | | |
| 4.01 | Volunteers | 1 | per head rate | 1000 |
| 4.02 | Security- uniformed security for day and night duty | 1 | per head rate | 2500 |
| 4.03 | Technicians | 1 | per head rate | 1 |

3) **സർക്കാർ വിഷയം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ല രൂപീകൃതമായതിന്റെ** 75-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി കൊല്ലം ആശ്രാമം മൈതാനത്ത് ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ എല്ലാ സർക്കാർ വകുപ്പുകളെയും പൊതുമേഖല സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി 2025 മാർച്ച് 3 **മുതൽ** 10 **വരെ** സംഘടിപ്പിക്കുന്ന വ്യാപാര പ്രദർശന വിപണന മേളയുടെ താൽക്കാലിക പവലിയൻ നിർമ്മാണം/ സജ്ജീകരണം (ഹാങ്ങർ, **സ്റ്റാളുകൾ, അടിസ്ഥാന സൗകര്യങ്ങൾ** മുതലായ) എന്നിവയ്ക്ക് ജി എസ് ടി ഉൾപ്പടെ മേൽപ്പറഞ്ഞ പട്ടിക പ്രകാരം അംഗീകരിച്ചുള്ള യൂണിറ്റ് നിരക്കിൽ (അന്തിമ ആവശ്യകതയ്ക്കനുസരിച്ച് വേണ്ടി വരുന്ന അളവിന്റെ

അടിസ്ഥാനത്തിൽ ആകെ തുക നിശ്ചയിക്കുന്നതാണ്) പ്രതിഫലം നിശ്ചയിച്ചു കൊണ്ടും ചുവടെപറയും പ്രകാരമുള്ള വ്യവസ്ഥകളോടെയും ഗ്ലോബൽ ഇന്നൊവേറ്റീവ് ടെക്നോളജീസ് (git Zest) എന്ന സ്ഥാപനത്തിന് അനുമതി നല്കി ഉത്തരവാകുന്നു. ഇതിനാവശ്യമായ ചെലവ് നടപ്പുസാമ്പത്തിക വർ ഷത്തെ (2024-25) 2220-01-001-96 സ്പെഷ്യൽ പി ആർ ക്യാമ്പെയിൻ ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

4) പ്രദർശന വിപണനമേള പൂർത്തിയായതിന് ശേഷം, ചുവടെ വിശദീകരിച്ചിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ഗ്ലോബൽ ഇന്നൊവേറ്റീവ് ടെക്നോളജീസ് (git Zest) ന് അന്തിമ പ്രതിഫലം അനുവദിക്കേണ്ടതാണ്.

1. ടെണ്ടർ നോട്ടീസിൽ നിഷ്കർഷിച്ചിട്ടുള്ള എല്ലാ സൗകര്യങ്ങളും സജ്ജീകരണങ്ങളും പൂർത്തിയാക്കി പരിപാടിക്ക് 2 ദിവസം മുമ്പ് ബന്ധപ്പെട്ടവർക്ക് വേദിയും മറ്റു അനുബന്ധ സംവിധാനങ്ങളും കൈമാറേണ്ടതാണ്.
2. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടറുടെ നിർദ്ദേശമനുസരിച്ച് നിരക്കുകൾ ബാധകമാകാതെ എസ്റ്റിമേറ്റ് പ്രവൃത്തികളിൽ എന്തെങ്കിലും മാറ്റം വരുത്തേണ്ടതാണെങ്കിൽ ആയത് നിർവ്വഹിക്കേണ്ടതും എസ്റ്റിമേറ്റിൽ പരാമർശിക്കാത്തവ ആവശ്യപ്പെട്ടാൽ അത് സ്ഥാപിക്കേണ്ടതിനും സ്ഥാപനം ബാധ്യസ്ഥരായിരിക്കും. ടി അധിക ചെലവ് കോസ്റ്റ് കമ്മിറ്റി തീരുമാന പ്രകാരം അനുവദിക്കുന്നതായിരിക്കും.
3. ഇപ്രകാരം ചുമതല നിർവഹിക്കുന്നത് സംബന്ധിച്ച് സ്ഥാപനം വിശദമായ എസ്റ്റിമേറ്റ് ലഭ്യമാക്കി വകുപ്പുമായി കരാറിൽ ഏർപ്പെടേണ്ടതും മുൻകൂർ തുക ആവശ്യമുള്ള പക്ഷം അപേക്ഷ സമർപ്പിക്കേണ്ടതുമാണ്.
4. അംഗീകൃത എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് ചെലവ് വിലയിരുത്തൽ നടത്തി സമർപ്പിക്കുന്ന മൂല്യനിർണ്ണയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അന്തിമ പ്രതിഫലം തീരുമാനിക്കുകയും അനുവദിക്കുകയും ചെയ്യും.
5. പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ ഇനങ്ങളും ഗുണനിലവാരത്തോടെ ഉള്ളതാണോ എന്ന് പരിശോധിക്കുന്നതിന് കൊല്ലം ജില്ലയിലെ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം സിവിൽ, ഇലക്ട്രിക്കൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ/ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉൾപ്പെടെ വകുപ്പുതല കോസ്റ്റ് കമ്മിറ്റി പരിശോധന നടത്തുകയും കൊല്ലം ജില്ലയിലെ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയർ റിപ്പോർട്ട് സമർപ്പിക്കുന്നതിന് ആവശ്യമായ നടപടി ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (ബിൽഡിംഗ്) സ്വീകരിക്കേണ്ടതാണ്.
6. പ്രദർശന വിപണനമമേള പൂർത്തിയായതിന് ശേഷം ഗ്ലോബൽ ഇന്നൊവേറ്റീവ് ടെക്നോളജീസ് (git Zest) അന്തിമ പ്രതിലം അനുവദിക്കുന്നതിന് വിശദമായ ബിൽ/പ്രൊഫോർമ ഇൻവോയ്സ് സമർപ്പിക്കേണ്ടതാണ്.
7. മേൽ പ്രകാരമുള്ള മൂല്യനിർണ്ണയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വകുപ്പുതല കോസ്റ്റ് കമ്മിറ്റി കൂടി അന്തിമ പ്രതിഫലം നിശ്ചയിക്കുകയും അനുവദിക്കുകയും ചെയ്യും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്യാം വി
ജോയിന്റ് സെക്രട്ടറി

ഗ്ലോബൽ ഇന്നൊവേറ്റീവ് ടെക്നോളജീസ് (git Zest), കോഴിക്കോട്
ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (ബിൽഡിംഗ്) പബ്ലിക് ഓഫീസ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (ബിൽഡിംഗ്), (ഇലക്ട്രിക്കൽ), കൊല്ലം
മേഖല ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
ഡെപ്യൂട്ടി ഡയറക്ടർ, ഫീൽഡ് പബ്ലിസിറ്റി
ഇൻഫർമേഷൻ ഓഫീസർ, കൊല്ലം
ഇൻഫർമേഷൻ ഓഫീസർ, ഫീൽഡ് പബ്ലിസിറ്റി/ വെബ് & ന്യൂ മീഡിയ
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ& ഇ) കേരള, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (ബി) വകുപ്പ്
കരുതൽ ഫയൽ ഓഫീസ്/ കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sonia James
Date: 28-02-2025 14:05:43
സെക്ഷൻ ഓഫീസർ